# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 881 09.08.2017 -ലെ മറുപടി

**പെരുമാട്ടി പഞ്ചായത്തിലെ കിണറുകൾ മുഖേന ഭൂജല സംപോഷണം**

**ചോദ്യം** **മറുപടി**

**ശ്രീ.കെ. കൃഷ്ണൻകുട്ടി** **മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| | പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ പഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ പ്രകാരം പെരുമാട്ടി പഞ്ചായത്തിൽ ജലലഭ്യതയില്ലാതെ ഉപേക്ഷിക്കപെട്ട കിണറുകൾ മുഖേന ഭൂജല സംപോഷണം നടത്തുന്നതിന് ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇതനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | | പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമ പഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ നാശനഷ്ടവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ ജലലഭ്യതയില്ലാതെ ഉപേക്ഷിക്കപ്പെട്ട കുഴൽകിണറുകൾ മുഖേന ഭൂജല സംപോഷണം നടത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഭൂജല വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച പഠനങ്ങൾ ഭൂജല വകുപ്പ് നടത്തി വരുന്നു. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

Reena
**സെക്ഷൻ ഓഫീസർ**